**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 261** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളിലെ അപകടമരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലകളിൽ അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജലാശയങ്ങൾ, ബീച്ച് എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങളിലാണ് അപകടങ്ങൾ കൂടുതലായി സംഭവിച്ചിട്ടുള്ളത്. പരിചയമില്ലാത്ത ജലാശയങ്ങളിലും ബീച്ചുകളിലും ഇറങ്ങുമ്പോഴും പെട്ടെന്നുള്ള കാലാവസ്ഥ മാറ്റവും മൂലമാണ് ഇത്തരം അപകടങ്ങൾ കൂടുതലായി സംഭവിയ്ക്കുന്നത്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതും നീന്തൽ അറിയാതെ പരിചയമില്ലാത്ത ജലാശയങ്ങളിൽ ഇറങ്ങുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയും മുന്നറിയിപ്പ് നിർദ്ദേശങ്ങൾ അവഗണിക്കുന്നതും അപകടങ്ങൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് സുരക്ഷയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗമായുള്ള സാഹസിക ടൂറിസം പദ്ധതികളിലും ഇത്തരം സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്താനുള്ള മാർഗ്ഗരേഖ ഉണ്ടാക്കിയിട്ടുണ്ട്. |
| (ബി) | അപകടമരണങ്ങളുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | ഇത്തരത്തിലുള്ള അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധ മുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ |

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്ന ഘട്ടത്തിൽ ഇത്തരം ടൂറിസം കേന്ദ്രങ്ങൾ അടയ്ക്കുന്നത് ഉൾപ്പെടെ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. ഇവ മാധ്യമങ്ങളൂടെ ജനങ്ങളെ അറിയിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ അപകടങ്ങൾ വരുത്തി വയ്ക്കുന്ന പ്രവൃത്തികളും രാത്രിയാത്രകളും ഒഴിവാക്കുന്നതിന് നവമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും അവബോധം നൽകിവരുന്നു. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ച് വരുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ